**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(എം.എസ്)നം.43/2016/പജ.പവ.വി.വ തിരുവനന്തപുരം, തീയതി 25.06.2016

| | | |
|---|---|---|
| പരാമർശം:- | 1) | സ.ഉ(എം.എസ്)നം.6/2012/പജ.പവ.വി.വ തീയതി 11.01.2012. |
| | 2) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 28.03.2015-ലെ എഡ്യൂ.എ 1-9307/14 നമ്പർ കത്ത്. |

**ഉത്തരവ്**

സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പരാമർശം-1 പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു.

2. ബാബുവിജയനാഥ് കമ്മീഷൻ ശുപാർശ പ്രകാരവും, വിദ്യാഭ്യാസച്ചെലവിലുണ്ടായ വർദ്ധനവും ജീവിത നിലവാര സൂചികകളുടെ അടിസ്ഥാനത്തിലും ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ അപര്യാപ്തമായതിനാലും 2015-2016 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് തലത്തിൽ പഠിയ്ക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സൂചന രണ്ട് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും 2016-2017 അദ്ധ്യയനവർഷം മുതൽ സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകൾക്കു പഠിയ്ക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പരാമർശം ഒന്ന് പ്രകാരം നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 25% വർദ്ധനവു വരുത്തി ഉത്തരവാകുന്നു. (വർദ്ധനവിന്റെ നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്).

4. പുതുക്കിയ നിരക്ക പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് ആവശ്യമായിവരുന്ന തുക അതതു വകുപ്പുകളുടെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നു കണ്ടെത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.റംലത്ത്
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി.

To,

1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
2) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
3) ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA) കേരള, തിരുവനന്തപുരം.
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA) തിരുവനന്തപുരം.
6) ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
7) ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
8) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
9) ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
10) ഡയറക്ടർ, ഹോമിയോപ്പതിക് വകുപ്പ്, തിരുവനന്തപുരം.
11) പ്രിൻസിപ്പൽ, ആയുർവേദ കോളേജുകൾ.
12) മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.
13) എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും.
14) ധനകാര്യ (ക്ഷേമ) വകുപ്പ് (54859/വെ.വി3/15/ധന പ്രകാരം)
15) പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പ്
16) പിന്നാക്ക സമുദായ വികസന വകുപ്പ്.
17) പൊതുവിദ്യാഭ്യാസ വകുപ്പ്.
18) ഉന്നതവിദ്യാഭ്യാസ വകുപ്പ്.
19) ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
20) പൊതുജന വിവര സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുന്നതിന്)
21) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

അനുബന്ധം

## പ്രീ-മെട്രിക് പഠനം (ലംപ്സംഗ്രാന്റ് നിരക്ക്)

| | | നിലവിലുള്ള നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് |
|---|---|---|---|
| | നഴ്സറി സ്കൂൾ | 150 | 190 |
| | എൽ.പി.വിഭാഗം (ക്ലാസ് I മുതൽ IV വരെ) | 250 | 313 |
| | യു.പി.വിഭാഗം (ക്ലാസ് V മുതൽ VII വരെ) | 500 | 625 |
| | ഹൈസ്കൂൾ വിഭാഗം (ക്ലാസ് VIII മുതൽ X വരെ) | 750 | 938 |
| | ഒരു ക്ലാസ്സിൽ ഒരു പ്രാവശ്യം തോൽക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ കാണിച്ചിട്ടുള്ള നിരക്കിന്റെ 50%- ന് അർഹതയുണ്ടായിരിക്കും | | |
| | **പോസ്റ്റ്-മെട്രിക് പഠനം (ലംപ്സംഗ്രാന്റ് നിരക്ക്)** | | |
| | **ആർട്ട്സ് & സയൻസ് കോളേജുകൾ** | നിലവിലുള്ള നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് |
| | +1, +2 വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങി പ്രീഡിഗ്രിക്ക് തുല്യമായ കോഴ്സുകൾക്ക് | 900 | 1125 |
| | ബി.എ /ബി.എസ്.സി / ബി.കോം/ബി.എഡ് തത്തുല്യം | 950 | 1188 |
| | എം.എ/എം.എസ്.സി/എം.കോം/ എം.എസ്.ഡബ്ല്യൂ തത്തുല്യം | 1250 | 1563 |
| | **ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം, ഇടക്കാട്, പുറനാട്ടുകര സംസ്കൃത വിദ്യാപീഠം ആദർശ് സംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി** | | |
| | മാദ്ധ്യമ | 350 | 438 |
| | ശാസ്ത്രി (ഒന്നും രണ്ടും വർഷം) | 750 | 938 |
| | ശാസ്ത്രി (മൂന്നാം വർഷം) | 650 | 813 |
| | പ്രാക്ശാസ്ത്രി (പ്രീഡിഗ്രിക്ക് തുല്യം) | 900 | 1125 |
| | ശാസ്ത്രി (ബി.എ.യ്ക്ക് തുല്യം) | 950 | 1188 |
| | ആചാര്യ (എം.എയ്ക്ക് തുല്യം) | 1250 | 1563 |
| | **മെഡിക്കൽ കോളേജുകൾ** | | |
| | എം.ബി.ബി.എസ്/ബി.ഡി.എസ്/എം.എസ്/എം.ഡി | 2500 | 3125 |
| | ഹൗസ് സർജൻസി | 1600 | 2000 |
| | **പാരാമെഡിക്കൽ കോഴ്സുകൾ** | | |
| | ബി.എസ്.സി. എം.എൽ.റ്റി (സ്കൂൾ ഓഫ് ബേസിക് മെഡിക്കൽ സയൻസ്) | 800 | 1000 |
| | കോമ്പൗണ്ടിംഗ് ആന്റ് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 650 | 813 |